പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5913** **07. 07. 2014** - ലെ മറുപടി

<u>വിദേശ മലയാളികളെ ക്ഷേമനിധിയിൽ അംഗമാക്കാൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ.കെ. നാരായണൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സംസ്ഥാനത്തെ എത്രപേർ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന വ്യക്തമാക്കാമോ;<br><br>(ബി) ഇത് ഏതെല്ലാം രാജ്യത്തിലാണെന്നും എത്ര പേരാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കുമോ; | (എ & ബി) കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കൃത്യമായ കണക്ക് ഈ വകുപ്പിൽ ലഭ്യമല്ല. എന്നാൽ ഈ വകുപ്പ് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പുമായി ചേർന്ന് നടത്തിയ സർവ്വേ പ്രകാരം വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ എണ്ണം രാജ്യം തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ. നം. | രാജ്യം | പ്രവാസികളുടെ എണ്ണം |
|---|---|---|
| 1 | യു.എസ്.എ. | 53642 |
| 2 | കാനഡ | 6350 |
| 3 | യു.കെ. | 30291 |
| 4 | ജർമ്മനി | 1920 |
| 5 | മറ്റ് യൂറോപ്യൻ രാജ്യങ്ങൾ | 3809 |
| 6 | നൈജീരിയ | 850 |
| 7 | ലിബിയ | 811 |
| 8 | മറ്റു ആഫ്രിക്കൻ രാജ്യങ്ങൾ | 4122 |
| 9 | സൌദി അറേബ്യ | 421313 |
| 10 | യു.എ.ഇ. | 507087 |
| 11 | കുവൈറ്റ് | 91780 |
| 12 | ഒമാൻ | 89238 |
| 13 | ഖത്തർ | 113395 |

| | | |
|---|---|---|
| 14 | ബഹറിൻ | 61408 |
| 15 | ഇറാക്ക് | 763 |
| 16 | ഇറാൻ | 473 |
| 17 | സിങ്കപ്പൂർ | 5931 |
| 18 | മലേഷ്യ | 5546 |
| 19 | മറ്റു ഏഷ്യൻ രാജ്യങ്ങൾ | 8987 |
| 20 | ന്യൂസിലാൻഡ് | 2189 |
| 21 | ആസ്ട്രേലിയ | 10709 |
| 22 | മറ്റു രാജ്യങ്ങൾ | 6239 |
| | ആകെ | **1426853** |

(സി) ഇതിൽ എത്രപേർ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്;

(സി) പ്രവാസി ക്ഷേമനിധിയിൽ വിദേശത്ത് ജോലിചെയ്യുന്ന 84348 പേർ അംഗങ്ങളായുണ്ട്.

(ഡി) ബാക്കിവരുന്ന പ്രവാസികളെ പ്രവാസിക്ഷേമനിധിയിൽ അംഗമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;

(ഇ) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

(ഡി & ഇ) കേരള പ്രവാസി കേരളീയ ക്ഷേമനിധിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രവാസികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോർഡ് ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. പ്രവാസി ക്ഷേമനിധി പ്രവർത്തനങ്ങളെക്കുറിച്ചും ബോർഡ് പ്രവാസികൾക്കായി നൽകിവരുന്ന ആനുകൂല്യങ്ങളെക്കുറിച്ചും ഇന്ത്യയ്ക്ക് പുറത്തുള്ള പ്രവാസികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വിദേശത്ത് പ്രവർത്തിക്കുന്ന പ്രവാസി സംഘടനകളുടെ സഹായത്തോടെ ബോർഡ് നേരിട്ടും പ്രവാസി സംഘടനകളുടെ സഹായത്തോടെയും ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ ഇന്ത്യയ്ക്ക് പുറത്ത് ബോർഡ് നേരിട്ട് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ